<u>15 -ാം കേരള നിയമസഭ</u>

<u>6 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 745</u> <u>24-08-2022 - ൽ മറുപടിയ്ക്ക്</u>

<u>മണലൂർ മേഖല ഇക്കോ ടൂറിസം ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മേഖല ഇക്കോ ടൂറിസം ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പൂവ്വത്തൂർ പി.ഒ. (ക്ലിപ്തം നം. ആർ. 1309) എന്ന സ്ഥാപനം സഹകരണ വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മണലൂർ മേഖല ഇക്കോ ടൂറീസം ഡെവലപ്മെന്റ് സഹകരണസംഘം എന്ന പേരിൽ തൃശ്ശൂർ ജില്ലയിൽ 20/09/2011-ൽ രജിസ്റ്റർ ചെയ്ത് 8/10/2011-ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം സ്ഥാപനങ്ങൾക്ക് സഹകരണ വകുപ്പ് മുഖേന എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ; | (ബി) | നല്ല രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ മുഖേന വിനോദ സഞ്ചാരം പ്രോൽസാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് വ്യക്തമായ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ പരമാവധി 20 ലക്ഷം രൂപ അഥവാ പ്രോജക്ട് കോസ്റ്റിന്റെ 50% പ്ലാൻ സ്കീമിൽ സബ്സിഡിയും ഓഹരിയും ആയി 2:1 എന്ന അനുപാതത്തിൽ സഹായം നൽകുന്നതാണ്. |
| (സി) | വിനോദ സഞ്ചാരത്തിന് മണലൂർ മണ്ഡലത്തിൽ ഈ സ്ഥാപനം വഴി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (സി) | സംഘത്തിന്റെ പ്രവർത്തന പരിധിക്കുള്ളിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന തരത്തിലുള്ള പ്രകൃതി രമണീയമായ സ്ഥലങ്ങൾ കണ്ടെത്തി ടൂറിസത്തിന് ഉതകുംവിധം വളർത്തിക്കൊണ്ട് വരിക, ടൂറിസ്റ്റ് ഇൻഫർമേഷൻ കേന്ദ്രങ്ങൾ ആരംഭിക്കുക, ടൂറിസ്റ്റുകൾക്കായുള്ള ട്രാവൽ ഏജൻസി നടത്തുക, ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഭൂമി വാടകയ്ക്കോ സ്വന്തമായോ പാട്ടത്തിനോ ഏറ്റെടുത്ത് ഹോട്ടലുകൾ, ലോഡ്ജുകൾ, ലഘു ഭക്ഷണശാലകൾ, കൺസ്യൂമർ സ്റ്റോറുകൾ, ഹെൽത്ത് ക്ലബ്ബ് തുടങ്ങി ടൂറിസ്റ്റുകളുടെ ക്ഷേമത്തിനായും വിനോദ ഉപാധികൾക്കുമായുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക തുടങ്ങി സംഘത്തിന്റെ നിയമാവലി വ്യവസ്ഥകൾക്ക് അനുസൃതമായ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ